പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് എഫ്. സി. ടി. എസി സമർപ്പിച്ചിട്ടുണ്ട്. 180 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ രാമന്തളി പഞ്ചായത്തിൽ രണ്ട് റീച്ചുകളിലായി 750 മീറ്റർ നീളത്തിൽ ചെറുകല്ല് ഉപയോഗിച്ച് താൽക്കാലികമായി കടൽഭിത്തി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി 1295 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. 15-6-2000-ൽ ദർഘാസ് ക്ഷണിച്ച് തുടർ നടപടികൾ എടുത്തുവരുന്നു.

(സി) ഈ മേഖലയിൽ മൂന്നു പ്രവർത്തികൾക്കുകൂടി 18.70 ലക്ഷം രൂപയുടെ ദർഘാസ് ക്ഷണിക്കുകയും തുടർനടപടികൾ നടന്നുവരികയും ചെയ്യുന്നു.

"അമിതമായ ഭൂഗർഭ ജലചൂഷണം"

65 [246] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭജലത്തിന്റെ അളവ് കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഏതെങ്കിലും പഠനം സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ടോ;

(ബി) ഭൂഗർഭജലത്തിന്റെ അളവ് കുറയുന്നതിന് പ്രധാനമായും ചൂണ്ടിക്കാണിക്കുന്ന കാരണങ്ങൾ എന്തൊക്കെയാണ്; ഇതിന് ശാസ്ത്രീയമായ എന്തെങ്കിലും അടിസ്ഥാനം ഉള്ളതായി പഠനങ്ങളിൽ മനസ്സിലായിട്ടുണ്ടോ;

(സി) പാലക്കാട് ജില്ലയിൽ അമിതമായി ജലചൂഷണം നടന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പെപ്സികോള, കൊക്കകോള കമ്പനികൾക്ക് ഭൂഗർഭജലം എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര അളവുവീതം എടുക്കാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ രണ്ടു കമ്പനികളും അമിതമായി ഭൂഗർഭജലം എടുക്കുന്നതായുള്ള പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്ത് ഗ്രൗണ്ട് വാട്ടർ വകുപ്പ് ഭൂഗർഭജലം അമിതമായി എടുക്കുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഭൂജലവകുപ്പ് പഠനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂഗർഭജലത്തിന്റെ അളവ് കുറയുന്നതിന് പ്രധാനമായ കാരണങ്ങൾ അശാസ്ത്രീയവും അനിയന്ത്രിതവുമായ കുഴൽക്കിണർ നിർമ്മാണം, മഴയുടെ അളവിലുള്ള കുറവ്, നഗരവൽക്കരണം, നദികളിലെ മണലൂറ്റൽ, അമിതമായ ഭൂജലചൂഷണം എന്നിവയാണ്. അനിയന്ത്രിതവും അമിതവുമായ ഭൂജലചൂഷണം ഭൂഗർഭജലനിരക്ക് താഴുന്നതിന് കാരണമാകുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പാലക്കാട് ജില്ലയിൽ ഭൂജല ചൂഷണം അധികമായി നടക്കുന്ന ചിറ്റൂർ ബ്ലോക്കിൽ വിശദമായ പഠനം നടത്തിവരുന്നു.

(ഡി) പെപ്സികോള, കൊക്കകോള കമ്പനികൾക്ക് ഭൂഗർഭജലം എടുക്കുന്നതിന് ഭൂജലവകുപ്പ് അനുമതി നൽകിയിട്ടില്ല.

(ഇ) &(എഫ്) ഉണ്ട്. കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരം മാത്രമേ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഈ ആക്ട് പ്രകാരമുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചു വരുന്നുണ്ട്.

ഭൂഗർഭജലത്തിന്റെ ചൂഷണം

66 [247] *ശ്രീ. ബി. രാജേയകുമാർ:*
,, എം. എം. ഹസ്സൻ:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലം 70 ശതമാനത്തിൽ കൂടുതൽ ചൂഷണം ചെയ്യുന്ന പക്ഷം ബാക്കി വരുന്ന ജലം ഉപയോഗശൂന്യമാകുമെന്ന് സുപ്രീം കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുപ്രകാരം കേന്ദ്രഭൂജലഅതോറിറ്റി പ്ലാച്ചിമട മേഖലയിൽ നടത്തിയ പരിശോധനയെ തുടർന്ന് ചിറ്റൂർ താലൂക്കിലെ ഭൂജലം വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന് കേന്ദ്രഭൂജലഅതോറിറ്റി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഈ അറിയിപ്പ് സംസ്ഥാന ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി അംഗീകരിച്ചുവോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ഈ വിഷയം ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly